## പതിനഞ്ചാം കേരള നിയമസഭ
## (FIFTEENTH KERALA LEGISLATIVE ASSEMBLY)

## സബ്ജക്ട് കമ്മിറ്റി IX
## (SUBJECT COMMITTEE IX)

## തദ്ദേശസ്വയംഭരണവും ഗ്രാമവികസനവും ഭവന നിർമ്മാണവും

## (LOCAL ADMINISTRATION, RURAL DEVELOPMENT AND HOUSING)

# ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച അഞ്ചാമത് റിപ്പോർട്ട്
# (2025-2026)

# FIFTH REPORT ON THE SCRUTINY OF DEMANDS FOR GRANTS
# (2025-2026)

**2025 മാർച്ച് 3-ാം തീയതി സമർപ്പിച്ചത്**

**(Presented on 3rd March 2025)**


കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം
2025

SECRETARIAT OF THE KERALA LEGISLATURE
THIRUVANANTHAPURAM
2025

പതിനഞ്ചാം കേരള നിയമസഭ
(FIFTEENTH KERALA LEGISLATIVE ASSEMBLY)

**സബ്ജക്ട് കമ്മിറ്റി IX**
**(SUBJECT COMMITTEE IX)**

# തദ്ദേശസ്വയംഭരണവും ഗ്രാമവികസനവും ഭവന നിർമ്മാണവും

# (LOCAL ADMINISTRATION, RURAL DEVELOPMENT AND HOUSING)

ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച
അഞ്ചാമത് റിപ്പോർട്ട്
(2025-2026)

FIFTH REPORT ON THE SCRUTINY OF
DEMANDS FOR GRANTS
(2025-2026)

299/2025.

# ഉള്ളടക്കം


| | | പേജ് |
|---|---|---|
| സമിതിയുടെ ഘടന | .. | v |
| അവതാരിക | .. | vii |
| റിപ്പോർട്ട് | .. | 1 |

# സബ്ജക്ട് കമ്മിറ്റി IX
## (തദ്ദേശസ്വയംഭരണവും ഗ്രാമവികസനവും ഭവന നിർമ്മാണവും)
## (2023-2026)

**ഘടന**

<u>ചെയർപേഴ്സൺ</u> :

ശ്രീ. എം. ബി. രാജേഷ്,
തദ്ദേശസ്വയംഭരണ- എക്സൈസ്-പാർലമെന്ററികാര്യ വകുപ്പുമന്ത്രി.

<u>എക്സ് - ഒഫീഷ്യോ അംഗങ്ങൾ:</u>

ശ്രീ. കെ. രാജൻ,
റവന്യൂ ഭവന നിർമ്മാണ വകുപ്പുമന്ത്രി.

ശ്രീ. വി. അബ്ദുറഹിമാൻ,
ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ്ജ് തീർത്ഥാടനം വകുപ്പുമന്ത്രി.

<u>അംഗങ്ങൾ:</u>

ശ്രീ. എൻ. കെ. അക്ബർ

ശ്രീ. പി. ബാലചന്ദ്രൻ

ശ്രീമതി കാനത്തിൽ ജമീല

ശ്രീ. എ. സി. മൊയ്തീൻ

ശ്രീ. വി. കെ. പ്രശാന്ത്

ശ്രീ. റോജി എം. ജോൺ

ശ്രീ. പി. ഉബൈദുള്ള

ശ്രീ. ടി. ജെ. വിനോദ്.

<u>നിയമസഭാ സെക്രട്ടേറിയറ്റ്:</u>

ഡോ. എൻ. കൃഷ്ണ കുമാർ, സെക്രട്ടറി

ശ്രീമതി രജനി വി. ആർ., ജോയിന്റ് സെക്രട്ടറി

ശ്രീ. ഹരിശങ്കർ പി., ഡെപ്യൂട്ടി സെക്രട്ടറി

ശ്രീ. ഹരീന്ദ്രൻ കെ., അണ്ടർ സെക്രട്ടറി.

# അവതാരിക

തദ്ദേശസ്വയംഭരണവും ഗ്രാമവികസനവും ഭവനനിർമ്മാണവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി IX-ന്റെ ചെയർപേഴ്സണായ ഞാൻ 2025-26 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച അഞ്ചാമത് റിപ്പോർട്ട് സമർപ്പിക്കുന്നു.

കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലും മാർഗ്ഗനിർദ്ദേശക രേഖകളിലും വ്യവസ്ഥ ചെയ്തിട്ടുള്ള പ്രകാരം 2025 ഫെബ്രുവരി 20, 21 എന്നീ തീയതികളിൽ സമിതി യോഗം ചേർന്ന്, ചുവടെ ചേർത്തിട്ടുള്ള ധനാഭ്യർത്ഥനകളിൽ ഉൾപ്പെടുന്ന ചെലവിനങ്ങൾ പരിശോധിച്ചു.

| | | |
|---|---|---|
| ധനാഭ്യർത്ഥന നമ്പർ XXI | — | ഭവനനിർമ്മാണം |
| ധനാഭ്യർത്ഥന നമ്പർ XXII | — | നഗരവികസനം |
| ധനാഭ്യർത്ഥന നമ്പർ XXV | — | പട്ടികജാതി/പട്ടികവർഗ്ഗ/മറ്റു പിന്നോക്ക/ന്യൂനപക്ഷവിഭാഗങ്ങൾ എന്നിവരുടെ ക്ഷേമം |
| ധനാഭ്യർത്ഥന നമ്പർ XXVIII | — | പലവക സാമ്പത്തിക സർവ്വീസുകൾ |
| ധനാഭ്യർത്ഥന നമ്പർ XXXV | — | പഞ്ചായത്ത് |
| ധനാഭ്യർത്ഥന നമ്പർ XXXVI | — | ഗ്രാമവികസനം |

മേൽ പരാമർശിച്ച ധനാഭ്യർത്ഥനകളെ സംബന്ധിച്ച് ബന്ധപ്പെട്ട വകുപ്പുകളിൽ നിന്നും ലഭിച്ച കുറിപ്പുകൾ പ്രസ്തുത യോഗങ്ങളിൽ സമിതി പരിഗണിക്കുകയും യോഗങ്ങളിൽ സന്നിഹിതരായിരുന്ന ഉദ്യോഗസ്ഥരിൽ നിന്നും കൂടുതൽ വിശദീകരണം ആരായുകയും ചെയ്തു.

ഭരണഘടനാപരവും സാമ്പത്തികവുമായ പരിമിതികൾക്ക് വിധേയമായി, സമിതി അതിന്റെ നിർദ്ദേശങ്ങൾക്കും ശിപാർശകൾക്കും രൂപം നൽകുകയും അവ റിപ്പോർട്ടിൽ ഉൾക്കൊള്ളിക്കുകയും ചെയ്തിരിക്കുന്നു.

2025 ഫെബ്രുവരി 27-ാം തീയതി ചേർന്ന സമിതിയോഗം ഈ റിപ്പോർട്ട് അംഗീകരിച്ചു.

എം. ബി. രാജേഷ്,

തിരുവനന്തപുരം,
2025 മാർച്ച് 3.

*ചെയർപേഴ്സൺ,*
*സബ്ജക്ട് കമ്മിറ്റി IX.*

# റിപ്പോർട്ട്

2025-2026 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിലെ ധനാഭ്യർത്ഥനകളിൽ തദ്ദേശ സ്വയംഭരണവും ഗ്രാമവികസനവും ഭവനനിർമ്മാണവും സംബന്ധിച്ച ഒൻപതാം സബ്ജക്ട് കമ്മിറ്റിയുടെ പരിധിയിൽ വരുന്ന XXI, XXII, XXV, XXXV, XXXVI എന്നീ ധനാഭ്യർത്ഥനകൾ 2025 ഫെബ്രുവരി 20, 21 തീയതികളിൽ ചേർന്ന യോഗങ്ങളിൽ കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ ചട്ടം 235(1)(i) പ്രകാരം സമിതി സൂക്ഷ്മപരിശോധന നടത്തിയിരുന്നു. ബന്ധപ്പെട്ട വകുപ്പുകളിൽ നിന്ന് ലഭിച്ച കുറിപ്പുകളും ഉദ്യോഗസ്ഥരിൽ നിന്നും ലഭിച്ച അധിക വിവരങ്ങളും വിശകലനം നടത്തിയതിന്റെ അടിസ്ഥാനത്തിലുള്ള ശിപാർശകൾ ചുവടെ ചേർക്കുന്നു.

### ധനാഭ്യർത്ഥന XXI—ഭവനനിർമ്മാണം

വോട്ട് ചെയ്തത് : 146,52,33,000 രൂപ

ചാർജ്ജ് ചെയ്തത് : 15,00,000 രൂപ

2216-05-053-97—സംരക്ഷണവും അറ്റകുറ്റപ്പണികളും

01—സംരക്ഷണവും അറ്റകുറ്റപ്പണികളും

02—പ്രത്യേക അറ്റകുറ്റപ്പണികൾ

03—വൈദ്യുത സാമഗ്രികളുടെ സംരക്ഷണം

വിഹിതം : 23.15 കോടി രൂപ (പദ്ധതിയേതരം)

1. കരാറുകാർക്ക് കൊടുക്കുവാനുള്ള 4.39 കോടി രൂപ കൊടുത്തു തീർക്കുന്നതിനും പുതുതായി ഭരണാനുമതി നൽകിയിട്ടുള്ള പ്രവൃത്തികൾ പൂർത്തീകരിക്കുന്നതിനുള്ള ചെലവുകൾക്കുമായി നിലവിലെ ബഡ്ജറ്റ് വിഹിതം പര്യാപ്തമല്ലാത്തതിനാൽ മേൽ ശീർഷകത്തിൽ 5 കോടി രൂപ ഉപധനാഭ്യർത്ഥന/ ധനപുനഃവിനിയോഗം വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2216-05-053-95—തിരുവനന്തപുരം നഗരത്തിലെ മന്ത്രിമാരുടെക്വാർട്ടേഴ്സിന്റെ സംരക്ഷണവും അറ്റകുറ്റപ്പണികളും

01—സാധാരണ അറ്റകുറ്റപ്പണികൾ

02—പ്രത്യേക അറ്റകുറ്റപ്പണികൾ

03—വൈദ്യുത സാമഗ്രികളുടെ സംരക്ഷണം

വിഹിതം : 2 കോടി രൂപ (പദ്ധതിയേതരം)

2. കരാറുകാർക്ക് കൊടുക്കുവാനുള്ള 1.32 കോടി രൂപ കൊടുത്തു തീർക്കുന്നതിനും പുതുതായി ഭരണാനുമതി നൽകിയിട്ടുള്ള പ്രവൃത്തികൾ പൂർത്തീകരിക്കുന്നതിനുള്ള ചെലവുകൾക്കുമായി ബഡ്ജറ്റ് വിഹിതത്തിനുപുറമേ മേൽ ശീർഷകത്തിൽ 1.50 കോടി രൂപ ഉപധനാഭ്യർത്ഥന/ധനപുനഃവിനിയോഗം വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2216-80-001-99—ഹൗസിംഗ് കമ്മീഷണർ

06—വാടക, കരം, നികുതി

വിഹിതം: 1.2 ലക്ഷം (പദ്ധതിയേതരം)

3. കേരള സംസ്ഥാന ഭവനനിർമ്മാണ ബോർഡിന്റെ കെട്ടിടത്തിൽ താഴത്തെ നിലയിൽ പ്രവർത്തിക്കുന്ന കാര്യാലയത്തിന്റെ ഓഫീസ് സ്ഥലത്തിന് 9,97,344 രൂപ ആവശ്യമായി വരുന്നതിനാൽ ബഡ്ജറ്റിൽ വകയിരുത്തിയ തുകയ്ക്ക് പുറമേ മേൽ ശീർഷകത്തിൽ 8.774 ലക്ഷം രൂപ ഉപധനാഭ്യർത്ഥന/ധനപുനഃവിനിയോഗം വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2216-80-101-99—നിർമ്മിതി കേന്ദ്രങ്ങൾ

വിഹിതം : 8 കോടി രൂപ (പദ്ധതി)

4. നിർമ്മിതി കേന്ദ്രം മുഖേന നടപ്പിലാക്കുന്ന വിവിധ പദ്ധതികളുടെ നടത്തിപ്പിന് ബഡ്ജറ്റിൽ വകയിരുത്തിയ തുക അപര്യാപ്തമായതിനാൽ മേൽ ശീർഷകത്തിൽ 4.70 കോടി രൂപ ഉപധനാഭ്യർത്ഥന/ധനപുനഃവിനിയോഗം വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2216-80-101-98—ലാറിബേക്കർ നിർമ്മിതി പരിശീലന ഗവേഷണ സ്ഥാപനം

വിഹിതം: 3 കോടി രൂപ (പദ്ധതി)

5. ലാറിബേക്കർ നിർമ്മിതി പരിശീലന ഗവേഷണ സ്ഥാപനത്തിന്റെ ഹൗസിംഗ് പാർക്ക് നിർമ്മാണം, ലാബിഷാസ് ക്യാംപസ് നിർമ്മാണം, റിസർച്ച് ആന്റ് ഡെവലപ്മെന്റ്, ഫിനിഷിംഗ് സ്കൂൾ, അവയർനെസ് ആന്റ് പബ്ലിക്കേഷൻ എന്നീ ഇനങ്ങളിലുള്ള ചെലവുകൾ വഹിക്കുന്നതിന് നിലവിലെ ബഡ്ജറ്റ് വിഹിതം പര്യാപ്തമല്ല. ആയതിനാൽ മേൽ ശീർഷകത്തിൽ 4.30 കോടി രൂപ ഉപധനാഭ്യർത്ഥന/ധനപുനഃവിനിയോഗം വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2216-80-103-99—സംസ്ഥാന ഹൗസിംഗ് ബോർഡ്

01—സഹായധനം

36—സഹായധനം-ശമ്പളേതരം

വിഹിതം : 85.65 ലക്ഷം രൂപ (പദ്ധതിയേതരം)

6. സംസ്ഥാന ഭവന നിർമ്മാണ ബോർഡിന്റെ ഹെഡ് ഓഫീസ്, റീജിയണൽ ഓഫീസുകൾ, ജില്ലകളിലെ ഡിവിഷൻ ഓഫീസുകൾ എന്നിവയിലേക്ക് ശമ്പളേതര ആവശ്യങ്ങൾക്കും ഭരണപരമായ ചെലവുകൾക്കുമായി വകയിരുത്തിയിരിക്കുന്ന തുകയിൽ നിന്നും contingent expense-ൽ ഉൾപ്പെടുന്ന ഇലക്ട്രിസിറ്റി ചാർജ്ജ്, വാട്ടർ ചാർജ്ജ്, ലീഗൽ ചാർജ്ജസ്, കെട്ടിട നികുതി എന്നിവയ്ക്കായി ബഡ്ജറ്റിൽ വകയിരുത്തിയ തുക അപര്യാപ്തമായതിനാൽ മേൽ ശീർഷകത്തിൽ 5.1435 കോടി രൂപ ഉപധനാഭ്യർത്ഥന/ ധനപുനഃവിനിയോഗം വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2216-80-103-99—സംസ്ഥാന ഹൗസിംഗ് ബോർഡ്

02—വർക്കിംഗ് ജേർണലിസ്റ്റുകൾക്ക് ഭവന നിർമ്മാണം

വിഹിതം : 1,000 രൂപ (പദ്ധതിയേതരം)

7. പത്രപ്രവർത്തകർക്ക് ഭവന നിർമ്മാണത്തിന് സബ്സിഡി അനുവദിക്കുന്നതിനായുള്ള പദ്ധതി പ്രകാരം അപേക്ഷ സമർപ്പിച്ചിട്ടുള്ളവർക്ക് നിലവിൽ ബഡ്ജറ്റിൽ വകയിരുത്തിയ തുക അപര്യാപ്തമായതിനാൽ മേൽ ശീർഷകത്തിൽ 30 ലക്ഷം രൂപ ഉപധനാഭ്യർത്ഥന/ ധനപുനഃവിനിയോഗം വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2216-80-103-99—സംസ്ഥാന ഹൗസിംഗ് ബോർഡ്

09—മൈത്രി ഭവന പദ്ധതി

വിഹിതം : 1,000 രൂപ (പദ്ധതിയേതരം)

8. ഭവന നിർമ്മാണ ബോർഡിന്റെ തനത് പദ്ധതികൾ നടപ്പിലാക്കുവാനും നിലവിലെ ബോർഡിന്റെ കെട്ടിടങ്ങളിൽ അറ്റകുറ്റ പണികൾ നടത്തുന്നതിനും ബോർഡിൽ നിന്നും വിരമിച്ച ഉദ്യോഗസ്ഥർക്ക് പെൻഷൻ ആനുകൂല്യങ്ങൾ നൽകുന്നതിനുമായി ബഡ്ജറ്റിൽ വകയിരുത്തിയ തുക അപര്യാപ്തമായതിനാൽ മേൽ ശീർഷകത്തിൽ 180.32 കോടി രൂപ കൂടി ഉപധനാഭ്യർത്ഥന/ ധനപുനഃവിനിയോഗം വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2216-80-103-99—സംസ്ഥാന ഹൗസിംഗ് ബോർഡ്

38—ട്രെയിനിംഗ് പ്ലാൻ

വിഹിതം : 2.32 കോടി രൂപ (പദ്ധതി)

9. ഭവന നിർമ്മാണ ബോർഡിന്റെ ഹെഡ് ഓഫീസ് നവീകരണത്തിനും ഐ.ടി. സെൽ വിപുലീകരണത്തിനുമായി ബഡ്ജറ്റിൽ വകയിരുത്തിയിരുന്ന തുക അപര്യാപ്തമായതിനാൽ മേൽ ശീർഷകത്തിൽ 2.50 കോടി രൂപ ഉപധനാഭ്യർത്ഥന/ധനപുനഃവിനിയോഗം വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

4216-01-106-98—നിർമ്മാണം

02—ഗവൺമെന്റ് ഉദ്യോഗസ്ഥന്മാർക്കുള്ള ക്വാർട്ടേഴ്സ്

16—വൻകിട മരാമത്തുപണികൾ

വിഹിതം : 2.4712 കോടി രൂപ (പദ്ധതി)

10. കരാറുകാർക്ക് കൊടുക്കുവാനുള്ള 4.30 കോടി രൂപ കൊടുത്തു തീർക്കുന്നതിനും പുതുതായി ഭരണാനുമതി നൽകിയിട്ടുള്ള പ്രവൃത്തികൾ പൂർത്തീകരിക്കുന്നതിനുള്ള ചെലവുകൾക്കുമായി ബഡ്ജറ്റ് വിഹിതത്തിനുപുറമേ മേൽ ശീർഷകത്തിൽ 5 കോടി രൂപ ഉപധനാഭ്യർത്ഥന/ധനപുനഃവിനിയോഗം വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

4216-80-190-95—കേരള സംസ്ഥാന നിർമ്മിതി കേന്ദ്ര (കെ.ഇ.എസ്.എൻ.ഐ.കെ.)

വിഹിതം : 2 കോടി രൂപ (പദ്ധതി)

11. കേരള സംസ്ഥാന നിർമ്മിതി കേന്ദ്രത്തിനുകീഴിൽ ബഡ്ജറ്റിൽ ഉൾപ്പെടുത്തിയിരിക്കുന്ന പദ്ധതികളുടെ നടത്തിപ്പിനായി പുതിയ ടെസ്റ്റിംഗ് ലാബും പ്രൊഡക്ഷൻ യൂണിറ്റും സ്ഥാപിക്കൽ, നിലവിലുള്ള ടെസ്റ്റിംഗ് ലാബിന്റെയും പ്രൊഡക്ഷൻ യൂണിറ്റുകളുടേയും നവീകരണം/പ്രീ-ഫാബ് പ്രൊഡക്ഷൻ യൂണിറ്റുകൾ എന്നിവയ്ക്കായി 1 കോടി രൂപയും സെൻട്രൽ ഹൗസിംഗ് ഹബ്ബ്, എറണാകുളത്തിനായി 50 ലക്ഷം രൂപയും ആവശ്യം വരുന്നതിനാൽ ബഡ്ജറ്റിൽ വകയിരുത്തിയിട്ടുള്ള തുകയ്ക്ക് പുറമേ മേൽ ശീർഷകത്തിൽ 1.50 കോടി രൂപ ഉപധനാഭ്യർത്ഥന/ധനപുനഃവിനിയോഗം വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

4216-80-201-97—ആശ്വാസ് വാടക ഭവന പദ്ധതി

വിഹിതം : ഇല്ല (പദ്ധതി)

12. കണ്ണൂർ, കോട്ടയം, ആലപ്പുഴ എന്നീ ജില്ലകളിൽ നടപ്പിലാക്കി വരുന്ന ആശ്വാസ് വാടക വീട് പദ്ധതിയുടെ തുടർനടത്തിപ്പിനായി ബഡ്ജറ്റിൽ തുക വകയിരുത്താത്തതിനാൽ മേൽ ശീർഷകത്തിൽ 5 കോടി രൂപ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

4216-80-800-94—എം. എൻ. ലക്ഷം വീട് പുനർനിർമ്മാണ പദ്ധതി

വിഹിതം : 10 കോടി (പദ്ധതി)

13. 2025-26 സാമ്പത്തിക വർഷം എം.എൻ. സുവർണ്ണഭവനം പദ്ധതിയ്ക്കും എം.എൻ. നവയുഗ പദ്ധതിയ്ക്കുമായി ബഡ്ജറ്റിൽ വകയിരുത്തിയ തുക അപര്യാപ്തമായതിനാൽ മേൽ ശീർഷകത്തിൽ 13 കോടി രൂപ ഉപധനാഭ്യർത്ഥന/ധനപുനഃവിനിയോഗം വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

6216-80-800-86—മുതിർന്ന പൗരന്മാരുടെ വീടുകൾക്കായി കെ.എസ്.എച്ച്.ബി.-യ്ക്ക് വായ്പ

വിഹിതം : 5 കോടി (പദ്ധതി)

14. സീനിയർ സിറ്റിസൺ ഹോംസ് പദ്ധതിയുടെ പ്രഥമ ഘട്ടം നടപ്പിലാക്കുന്നതിനായി 16 കോടി രൂപ ആവശ്യപ്പെട്ടതിൽ 5 കോടി രൂപയാണ് ബഡ്ജറ്റിൽ വകയിരുത്തിയിട്ടുള്ളത്. നിർമ്മാണ സാമഗ്രികളുടെ വിലവർദ്ധന, ഉയർന്ന പ്രവർത്തന ചെലവ് എന്നിവ പരിഗണിച്ച് മികച്ച അടിസ്ഥാന സൗകര്യങ്ങൾ ഉൾപ്പെടുത്തി പദ്ധതി സമഗ്രമായി നടപ്പിലാക്കുന്നതിന് മേൽ ശീർഷകത്തിൽ 11 കോടി രൂപ കൂടി ഉപധനാഭ്യർത്ഥന/ ധനപുനഃവിനിയോഗം വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

4216-80-201-94—കോഴിക്കോട് സ്ഥിതി ചെയ്യുന്ന കേരള ഹൗസിംഗ് ബോർഡ് ഉടമസ്ഥതയിലുള്ള വസ്തുവിൽ സർക്കാർ ഉദ്യോഗസ്ഥർക്കും മുതിർന്ന ഓഫീസർമാർക്കുമുള്ള ഫ്ലാറ്റ്/ ക്വാർട്ടേഴ്സ്

വിഹിതം : ഇല്ല(പദ്ധതി)

15. 2020-21 സാമ്പത്തിക വർഷം ഭരണാനുമതി ലഭിച്ച, സർക്കാർ ഉദ്യോഗസ്ഥർക്കും മുതിർന്ന ഓഫീസർമാർക്കുമുള്ള ഫ്ലാറ്റ്/ക്വാർട്ടേഴ്സ് ഭവന പദ്ധതിയുടെ നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ട്. ആയതിന്റെ ബിൽ പേയ്മെന്റിനായി ഭരണാനുമതി ലഭിച്ച നാല് കോടി രൂപയിൽ നിന്നും ബാക്കി നിൽക്കുന്ന 2.6543 കോടി രൂപ മേൽ ശീർഷകത്തിൽ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

**ധനാഭ്യർത്ഥന XXII—നഗരവികസനം**

വോട്ട് ചെയ്തത് : 2049,71,54,000 രൂപ

ചാർജ്ജ് ചെയ്തത് : 1,000 രൂപ

2217-05-001-59—<u>മൂന്നാർ വയനാട് മേഖലകളിൽ മാസ്റ്റർ പ്ലാൻ തയ്യാറാക്കൽ (പുതിയ പദ്ധതി)</u>

വിഹിതം: 1 കോടി (പദ്ധതി)

16. മൂന്നാർ, വയനാട് എന്നീ പ്രദേശങ്ങളുടെ സുസ്ഥിര വികസനത്തിനും പ്രദേശത്തെ പാരിസ്ഥിതിക സന്തുലിതാവസ്ഥ സംരക്ഷിക്കുന്നതിനും തയ്യാറാക്കുന്ന മാസ്റ്റർ പ്ലാനിനു വേണ്ടി 2025-26 സാമ്പത്തിക വർഷത്തേക്കുള്ള ബഡ്ജറ്റിൽ 1 കോടി രൂപയാണ് അനുവദിച്ചത്. മൂന്നാർ മാസ്റ്റർ പ്ലാനിന്റെ പഠനങ്ങൾക്കും സർവ്വേ ജോലികൾ ചെയ്യുന്നതിനും മറ്റ് അനുബന്ധ പ്രവർത്തനങ്ങൾക്കും വയനാട് മാസ്റ്റർ പ്ലാനിന്റെ പ്രാരംഭ പ്രവർത്തനങ്ങൾക്കുമായി 2025-26 സാമ്പത്തിക വർഷം 4.92 കോടി രൂപ ആവശ്യമായി വരുന്നതിനാൽ ബഡ്ജറ്റ് വിഹിതത്തിനുപുറമേ <u>മേൽ ശീർഷകത്തിൽ 3.92 കോടി രൂപ ഉപധനാഭ്യർത്ഥന/ധനപുനഃവിനിയോഗം വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു</u>.

2217-05-191-48—<u>കേന്ദ്രാവിഷ്കൃത പദ്ധതികൾക്കുള്ള ബ്ലോക്ക് ഗ്രാന്റ് (പുതിയ പദ്ധതി)</u>

(52)—<u>സിറ്റി ഇൻവെസ്റ്റ്മെന്റ് റ്റു ഇന്നോവെറ്റ്, ഇന്റഗ്രേറ്റ് ആൻഡ് സസ്റ്റൈൻ 2.0 (CITIIS 2.0)-തിരുവനന്തപുരം-കേന്ദ്ര സഹായം</u>

(53)—<u>സിറ്റി ഇൻവെസ്റ്റ്മെന്റ് റ്റു ഇന്നോവെറ്റ്, ഇന്റഗ്രേറ്റ് ആൻഡ് സസ്റ്റൈൻ 2.0 (CITIIS 2.0)-തിരുവനന്തപുരം-സംസ്ഥാന വിഹിതം</u>

കേന്ദ്ര വിഹിതം: 4 ലക്ഷം രൂപ (പദ്ധതി)

സംസ്ഥാന വിഹിതം : 1 ലക്ഷം രൂപ (പദ്ധതി)

17. മാലിന്യസംസ്കരണം ആധുനിക രീതിയിൽ നടപ്പാക്കുന്നതിനായി കേന്ദ്ര സർക്കാർ നടപ്പിലാക്കുന്ന CITIIS 2.0 എന്ന 80:20 കേന്ദ്രാവിഷ്കൃത പദ്ധതിയുടെ പ്രവർത്തനങ്ങൾക്കായി ബഡ്ജറ്റിൽ വകയിരുത്തിയ തുക അപര്യാപ്തമായതിനാൽ <u>കേന്ദ്രവിഹിതമായ 41.45 കോടി രൂപയും സംസ്ഥാന വിഹിതമായ 10.36 കോടി രൂപയും ചേർത്ത് ആകെ 51.81 കോടി രൂപ മേൽ ശീർഷകത്തിൽ ഉപധനാഭ്യർത്ഥന/ധനപുനഃവിനിയോഗം വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു</u>.

2217-05-800-67—<u>സംസ്ഥാനത്ത് സ്ഥല സംബന്ധമായ ആസൂത്രിത രൂപരേഖതയ്യാറാക്കൽ</u>

വിഹിതം : 25 ലക്ഷം രൂപ (പദ്ധതി)

18. സംസ്ഥാനത്ത് സ്ഥലപരമായ പുനഃക്രമീകരണം, സുസ്ഥിര വികസനം, പ്രളയബാധിത പാരിസ്ഥിതികലോല പ്രദേശങ്ങളിൽ അധിവസിക്കുന്ന ജനങ്ങളുടെ പുനരധിവാസം എന്നിവയ്ക്ക് വേണ്ടിയുള്ള സമഗ്ര പദ്ധതി രൂപീകരിക്കുകയാണ് ഉദ്ദേശ്യം. 2025-26 സാമ്പത്തിക വർഷത്തേക്ക് 1.19 കോടി രൂപ ആവശ്യം വരുന്നതിനാൽ ബഡ്ജറ്റിൽ വകയിരുത്തിയിട്ടുള്ള തുകയ്ക്ക് പുറമെ <u>മേൽ ശീർഷകത്തിൽ 94 ലക്ഷം രൂപ ഉപധനാഭ്യർത്ഥന/ ധനപുനഃവിനിയോഗം വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.</u>

2217-80-800-60—<u>ഖരമാലിന്യ സംസ്കരണശാല സ്ഥാപിക്കൽ (മുൻപ് ഖരമാലിന്യ നിർമ്മാർജ്ജന ഫണ്ട്)</u>

വിഹിതം : 4.71 കോടി രൂപ (പദ്ധതി)

19. കേരളത്തിലെ 1034 തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലേയ്ക്കും വേസ്റ്റ് മാനേജ്മെന്റ് ശരിയായി മോണിറ്റർ ചെയ്യുന്നതിന് തദ്ദേശ സ്വയംഭരണ പ്രിൻസിപ്പൽ ഡയറക്ടേറ്റിൽ പ്രവർത്തിക്കുന്ന സ്റ്റേറ്റ് വേസ്റ്റ് മാനേജ്മെന്റ് സെല്ലിന്റെ പ്രവർത്തനത്തിനുവേണ്ട ഭൗതിക സാഹചര്യം ഒരുക്കുന്നതിന് ബഡ്ജറ്റിൽ വകയിരുത്തിയ തുക അപര്യാപ്തമാണ്. ആയതിനാൽ <u>മേൽ ശീർഷകത്തിൽ 22.2 ലക്ഷം രൂപ ഉപധനാഭ്യർത്ഥന/ധനപുനഃവിനിയോഗം വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.</u>

<u>പ്ലാനിംഗ് ഓഫീസർമാർക്ക് ബിരുദാനന്തര ബിരുദം നേടുന്നതിനുള്ള ഡെപ്യൂട്ടേഷൻ പദ്ധതി (പുതിയ പദ്ധതി)</u>

വിഹിതം : ഇല്ല (പദ്ധതി)

20. തദ്ദേശ സ്വയംഭരണ വകുപ്പ് പ്ലാനിംഗ് വിഭാഗത്തിലെ ഉദ്യോഗസ്ഥരെ നഗരഗ്രാമാസൂത്രണ മേഖലയിൽ ഉപരിപഠനത്തിന് അന്യത്ര സേവന വ്യവസ്ഥയിൽ അയയ്ക്കാൻ ഉദ്ദേശിച്ചുകൊണ്ടുള്ള പദ്ധതിയുടെ ഭാഗമായി ട്യൂഷൻ ഫീസ്, ഇൻസ്റ്റിറ്റ്യൂട്ട് ഫീസ്, യാത്രാ അലവൻസ് മുതലായവയുമായി ബന്ധപ്പെട്ട ചെലവുകൾക്കായി <u>പുതിയ ശീർഷകം സൃഷ്ടിച്ച് 5 ലക്ഷം രൂപ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.</u>

**ധനാഭ്യർത്ഥന XXV—പട്ടികജാതി/പട്ടികവർഗ്ഗ/മറ്റുപിന്നോക്ക/ ന്യൂനപക്ഷവിഭാഗങ്ങൾ എന്നിവരുടെ ക്ഷേമം**

വോട്ട് ചെയ്തത് : 34,87,91,53,000 രൂപ

ചാർജ്ജ് ചെയ്തത് : 3,000 രൂപ

2225-04-001-99—നടത്തിപ്പ്

34—മറ്റ് ചെലവുകൾ

3—മറ്റിനം

വിഹിതം : 71,000 രൂപ (പദ്ധതിയേതരം)

21. ന്യൂനപക്ഷ അവകാശങ്ങളും ശാക്തീകരണ പദ്ധതികളും നടപ്പിലാക്കുന്നതിന് 2025-26 സാമ്പത്തിക വർഷം സംസ്ഥാനതലത്തിലും ജില്ലകൾ ആസ്ഥാനമാക്കിയും ദിനാചരണം സംഘടിപ്പിക്കുവാൻ ബഡ്ജറ്റിൽ വകയിരുത്തിയിട്ടുള്ള തുക അപര്യാപ്തമാണ്. ആയതിനാൽ മേൽ ശീർഷകത്തിൽ 3 ലക്ഷം രൂപ ഉപധനാഭ്യർത്ഥന/ധനപുനഃവിനിയോഗം വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2225-04-001-99—നടത്തിപ്പ്

97—വാഹനങ്ങളുടെ വാടക

വിഹിതം: 4.80 ലക്ഷം രൂപ (പദ്ധതിയേതരം)

22. ന്യൂനപക്ഷ ക്ഷേമ വകുപ്പിൽ ഔദ്യോഗിക ആവശ്യങ്ങൾക്കായി വാടകയ്ക്കെടുത്ത വാഹനത്തിന്റെ വാടക തുക ഒടുക്കുന്നതിന് ബഡ്ജറ്റിൽ വകയിരുത്തിയ തുക അപര്യാപ്തമായതിനാൽ മേൽ ശീർഷകത്തിൽ 3 ലക്ഷം രൂപ ഉപധനാഭ്യർത്ഥന/ ധനപുനഃവിനിയോഗം വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2225-04-102-92—ജസ്റ്റിസ് സച്ചാർ കമ്മിറ്റിയുടെ ശിപാർശകളിന്മേലുള്ള പദ്ധതികളുടെ നടപ്പാക്കൽ

34—മറ്റ് ചെലവുകൾ

3—മറ്റിനം

വിഹിതം : 2.2003 കോടി രൂപ (പദ്ധതിയേതരം)

23. 24 ന്യൂനപക്ഷ യുവജന പരിശീലന കേന്ദ്രങ്ങളുടേയും 32 ഉപകേന്ദ്രങ്ങളുടേയും നടത്തിപ്പ് ചെലവ്, ഫാക്കൽറ്റി ചെലവ്, കേന്ദ്രത്തിന്റെ മറ്റ് നടത്തിപ്പ് ചെലവുകൾ, മദ്രസ്സ ക്ഷേമനിധി ബോർഡിന്റെ വിവാഹ ധനസഹായം, ഉറുദു സ്കോളർഷിപ്പ് എന്നിവയ്ക്കായി നിലവിലെ ബഡ്ജറ്റ് വിഹിതം അപര്യാപ്തമായതിനാൽ മേൽ ശീർഷകത്തിൽ 2.5 കോടി രൂപ ഉപധനാഭ്യർത്ഥന/ധനപുനഃവിനിയോഗം വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2225-04-102-91—കേരള സംസ്ഥാന ന്യൂനപക്ഷ കമ്മീഷൻ

31—സഹായധനം - ശമ്പളം

വിഹിതം: 1.704 കോടി രൂപ (പദ്ധതിയേതരം)

24. ന്യൂനപക്ഷ കമ്മീഷൻ ചെയർമാന്റെയും അംഗങ്ങളുടെയും മുൻ ചെയർമാന്റെയും അംഗങ്ങളുടെയും ശമ്പള കുടിശ്ശിക, വാർഷിക വേതന വർദ്ധനവ്, ടി.എ./ഡി.എ., യാത്രാബത്ത, ഡി.എ. വർദ്ധനവ്, ടെർമിനൽ സറണ്ടർ, ഫ്യൂവൽ അലവൻസ് എന്നീ ഇനങ്ങളിലുള്ള ചെലവുകൾക്ക് ബഡ്ജറ്റിൽ വകയിരുത്തിയ തുക അപര്യാപ്തമാണ്. ആയതിനാൽ മേൽ ശീർഷകത്തിൽ 65 ലക്ഷം രൂപ ഉപധനാഭ്യർത്ഥന/ ധനപുനഃവിനിയോഗം വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

**ധനാഭ്യർത്ഥന XXXV—പഞ്ചായത്ത്**

വോട്ട് ചെയ്തത് : 1204,68,50,000 രൂപ

ചാർജ്ജ് ചെയ്തത് : ഇല്ല

2515-00-001-86—തദ്ദേശ സ്വയംഭരണ വകുപ്പിന്റെ എഞ്ചിനീയറിംഗ് വിഭാഗത്തിന്റെ ക്വാളിറ്റി മെക്കാനിസം, കപ്പാസിറ്റി ബിൽഡിംഗ് എന്നിവയുടെ വിപുലപ്പെടുത്തൽ

വിഹിതം : 2 കോടി രൂപ (പദ്ധതി)

25. തദ്ദേശ സ്വയംഭരണ വകുപ്പിന്റെ എഞ്ചിനീയറിംഗ് വിഭാഗത്തിന്റെ ആധുനികവത്കരണത്തിനും കമ്പ്യൂട്ടറൈസേഷനും കപ്പാസിറ്റി ബിൽഡിംഗ് പ്രോഗ്രാമുകൾക്കുമായി 2 കോടി രൂപയാണ് ബഡ്ജറ്റിൽ വകയിരുത്തിയിട്ടുള്ളത്. 2025-26 സാമ്പത്തിക വർഷത്തിൽ പദ്ധതി പൂർണ്ണമായി നടപ്പാക്കുന്നതിനായി 3.87 കോടി രൂപ ആവശ്യമായി വരുന്നതിനാൽ ബഡ്ജറ്റ് വിഹിതത്തിന് പുറമേ മേൽ ശീർഷകത്തിൽ 1.87 കോടി രൂപ ഉപധനാഭ്യർത്ഥന/ധനപുനഃവിനിയോഗം വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2515-00-001-85—ഇൻഫർമേഷൻ കേരളാ മിഷൻ-വിവര വിനിമയ സാങ്കേതിക വിദ്യ ഉപയോഗിച്ച് പ്രാദേശിക ഭരണം ശക്തിപ്പെടുത്തൽ

99—വിവരസാങ്കേതിക വിദ്യ

വിഹിതം : 9 കോടി രൂപ (പദ്ധതി)

26. ഗ്രാമ, ബ്ലോക്ക്, ജില്ലാ പഞ്ചായത്തുകൾ ഉൾപ്പെടെയുള്ള റൂറൽ ലോക്കൽ ബോഡികളിൽ KSMART ആപ്ലിക്കേഷൻ വിന്യസിക്കുന്നതിനായുള്ള പ്രവൃത്തികൾക്കും ഐ.കെ.എം. ജീവനക്കാരുടെ (സോഫ്റ്റ്‌വെയർ ടെക്നിക്കൽ ജീവനക്കാർ ഉൾപ്പെടെ) ശമ്പളത്തിനായും വരാനിരിക്കുന്ന മറ്റ് ചെലവുകൾക്കായും ബഡ്ജറ്റിൽ വകയിരുത്തിയ തുക അപര്യാപ്തമാണ്. ആയതിനാൽ മേൽ ശീർഷകത്തിൽ 16.52 കോടി രൂപ ഉപധനാഭ്യർത്ഥന/ധനപുനഃവിനിയോഗം വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2515-00-001-84—<u>പ്രിൻസിപ്പൽ ഡയറക്ടേറ്റ് -എൽ.എസ്.ജി.ഡി. എഞ്ചിനീയറിംഗ്</u>

05—<u>ഓഫീസ് ചെലവുകൾ</u>

2—<u>വൈദ്യുതി ചെലവ്</u>

വിഹിതം : 97,000 രൂപ (പദ്ധതിയേതരം)

27. പ്രിൻസിപ്പൽ ഡയറക്ടേറ്റിലെ എഞ്ചിനീയറിംഗ് വിഭാഗം, സൗത്ത് സർക്കിൾ, നോർത്ത് സർക്കിൾ എന്നീ ഓഫീസുകളിലെ വൈദ്യുതി ചെലവിനായി ബഡ്ജറ്റിൽ വകയിരുത്തിയ തുക അപര്യാപ്തമായതിനാൽ <u>മേൽ ശീർഷകത്തിൽ 1.43 ലക്ഷം രൂപ ഉപധനാഭ്യർത്ഥന/ ധനപുനഃവിനിയോഗം വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു</u>.

2515-00-001-83—<u>ജോയിന്റ് ഡയറക്ടറുടെ ഓഫീസ്-എൽ.എസ്.ജി.ഡി. എസ്റ്റാബ്ലിഷ്മെന്റ്-റൂറൽ</u>

06—<u>വാടക, കരം, നികുതി</u>

വിഹിതം : 5 ലക്ഷം രൂപ (പദ്ധതിയേതരം)

28. പത്തനംതിട്ട, ആലപ്പുഴ എന്നീ ജില്ലകളിലെ ജോയിന്റ് ഡയറക്ടറുടെ ഓഫീസുകളിലെ വാടക ഒടുക്കുന്നതിനായി ബഡ്ജറ്റിൽ വകയിരുത്തിയ തുക അപര്യാപ്തമായതിനാൽ <u>മേൽ ശീർഷകത്തിൽ 6.04 ലക്ഷം രൂപ ഉപധനാഭ്യർത്ഥന/ധനപുനഃവിനിയോഗം വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു</u>.

2515-00-001-82—<u>ജോയിന്റ് ഡയറക്ടറുടെ ഓഫീസ്-എൽ.എസ്.ജി.ഡി. എഞ്ചിനീയറിംഗ്</u>

01—<u>ശമ്പളം</u>

4—<u>മെഡിക്കൽ റീ-ഇംബേഴ്സ്മെന്റ്</u>

വിഹിതം : 2.5 ലക്ഷം രൂപ (പദ്ധതിയേതരം)

29. ജോയിന്റ് ഡയറക്ടറുടെ എഞ്ചിനീയറിംഗ് വിഭാഗത്തിനുള്ള മെഡിക്കൽ റീ-ഇംബേഴ്സ്മെന്റിനായി ബഡ്ജറ്റിൽ വകയിരുത്തിയ തുക അപര്യാപ്തമായതിനാൽ <u>മേൽ ശീർഷകത്തിൽ 3 ലക്ഷം രൂപ ഉപധനാഭ്യർത്ഥന/ധനപുനഃവിനിയോഗം വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.</u>

2515-00-001-82—<u>ജോയിന്റ് ഡയറക്ടറുടെ ഓഫീസ്-എൽ.എസ്.ജി.ഡി. എഞ്ചിനീയറിംഗ്</u>

04—<u>യാത്രാ ചെലവുകൾ</u>

4—<u>അവധി യാത്രാനുകൂല്യം</u>

വിഹിതം : 35,000 രൂപ (പദ്ധതിയേതരം)

30. ജോയിന്റ് ഡയറക്ടറുടെ എഞ്ചിനീയറിംഗ് വിഭാഗത്തിനുള്ള അവധി യാത്രാനുകൂല്യത്തിനായി ബഡ്ജറ്റിൽ വകയിരുത്തിയ തുക അപര്യാപ്തമായതിനാൽ മേൽ ശീർഷകത്തിൽ 1.5 ലക്ഷം രൂപ ഉപധനാഭ്യർത്ഥന/ധനപുനഃവിനിയോഗം വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2515-00-003-99—കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലോക്കൽ അഡ്മിനിസ്ട്രേഷൻ

36—സഹായധനം - ശമ്പളേതരം

വിഹിതം : 29.32 കോടി രൂപ (പദ്ധതി)

31. 2025-26 സാമ്പത്തിക വർഷം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ പുതുതായി തിരഞ്ഞെടുക്കപ്പെടുന്ന 21900 ജനപ്രതിനിധികൾക്ക് പരിശീലനം നൽകുന്നതുമായി ബന്ധപ്പെട്ട ചെലവുകൾക്കായി ബഡ്ജറ്റിൽ വകയിരുത്തിയ തുക അപര്യാപ്തമായതിനാൽ മേൽ ശീർഷകത്തിൽ 5.68 കോടി രൂപ ഉപധനാഭ്യർത്ഥന/ധനപുനഃവിനിയോഗം വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2515-00-102-32—മാനവശേഷി വികസന കേന്ദ്രം (കില സി.എച്ച്.ആർ.ഡി.) (50% സി.എസ്. എസ്.)

01—കില-സി.എച്ച്.ആർ.ഡി.-കേന്ദ്ര വിഹിതം

02—കില-സി.എച്ച്.ആർ.ഡി.- സംസ്ഥാന വിഹിതം

കേന്ദ്ര വിഹിതം - 75 ലക്ഷം രൂപ (പദ്ധതി)

സംസ്ഥാന വിഹിതം - 75 ലക്ഷം രൂപ (പദ്ധതി)

32. അക്കാഡമിക് ചെലവുകൾക്കായി കേന്ദ്ര സർക്കാർ അനുവദിച്ച തുക 25 ലക്ഷം രൂപയായി നിജപ്പെടുത്തിയതിനാൽ കിലയുടെ ദൈനംദിന ചെലവുകൾ നിർവ്വഹിക്കുന്നതിനായി ബഡ്ജറ്റിൽ അനുവദിച്ച തുക അപര്യാപ്തമാണ്. ആയതിനാൽ, മേൽ ശീർഷകത്തിൽ കേന്ദ്രവിഹിതമായ 75 ലക്ഷം രൂപയും സംസ്ഥാന വിഹിതമായ 75 ലക്ഷം രൂപയും ഉൾപ്പെടെ ആകെ 1.5 കോടി രൂപ ഉപധനാഭ്യർത്ഥന/ധനപുനഃവിനിയോഗം വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

## ധനാഭ്യർത്ഥന XXXVI—ഗ്രാമവികസനം

വോട്ട് ചെയ്തത് : 69,44,64,49,000 രൂപ

ചാർജ്ജ് ചെയ്തത് : 1,000 രൂപ

2501-01-196-48—കേന്ദ്രാവിഷ്കൃത പദ്ധതികൾക്കുള്ള ബ്ലോക്ക് ഗ്രാന്റ്

(03)—ജില്ലാപഞ്ചായത്തുകളിലെ ദാരിദ്ര്യ ലഘൂകരണ വിഭാഗത്തിനുള്ള ഒറ്റത്തവണ സംസ്ഥാന സഹായം (മുൻപ് ജില്ലാ ഗ്രാമവികസന ഏജൻസികൾ)

വിഹിതം: ഇല്ല (പദ്ധതി)

33. സംസ്ഥാനത്തെ ജില്ലാ ദാരിദ്ര്യ ലഘൂകരണ വിഭാഗത്തിലെ ജീവനക്കാർക്കുള്ള ശമ്പളത്തിനും മറ്റ് ആനുകൂല്യങ്ങൾക്കും കൂടാതെ കറന്റ് ചാർജ്ജിനും കെട്ടിടവാടക തുടങ്ങിയ അനിവാര്യ ഓഫീസ് ചെലവുകൾക്കുമായി ബഡ്ജറ്റിൽ തുക വകയിരുത്തിയിട്ടില്ല. ആയതിനാൽ മേൽ ശീർഷകത്തിൽ 10 കോടി രൂപ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2501-06-197-48—കേന്ദ്രാവിഷ്കൃത പദ്ധതികൾക്കുള്ള ധനസഹായം

(11)—പ്രധാനമന്ത്രി ആവാസ് യോജന (പി.എം.എ.വൈ. ഗ്രാമീണ) (60% സി.എസ്.എസ്.)-കേന്ദ്ര വിഹിതം

(12)—പ്രധാനമന്ത്രി ആവാസ് യോജന (പി.എം.എ.വൈ. ഗ്രാമീണ) (60% സി.എസ്.എസ്.)-സംസ്ഥാന വിഹിതം

കേന്ദ്ര വിഹിതം : 82.5 കോടി രൂപ (പദ്ധതി)

സംസ്ഥാന വിഹിതം : 55 കോടി രൂപ (പദ്ധതി)

34. PMAY-G പദ്ധതി പ്രകാരം 2025-26 സാമ്പത്തിക വർഷത്തിൽ അർഹരായ ഗുണഭോക്താക്കൾക്ക് ധനസഹായം അനുവദിക്കുന്നതിന് കേന്ദ്ര വിഹിതമായി 508.91 കോടി രൂപയും സംസ്ഥാന വിഹിതമായി 339.27 കോടി രൂപയും ചേർത്ത് ആകെ 848.18 കോടി രൂപ മേൽ ശീർഷകത്തിൽ ഉപധനാഭ്യർത്ഥന/ധനപുനഃവിനിയോഗം വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2501-06-197-48—കേന്ദ്രാവിഷ്കൃത പദ്ധതികൾക്കുള്ള ധനസഹായം

(28)—പ്രധാനമന്ത്രി ജൻജാതി ആദിവാസി ന്യായ മഹാ അഭിയാൻ (പി.എം.എ.വൈ.-ജൻമൻ)-60% CSS-കേന്ദ്ര വിഹിതം

(29)—പ്രധാനമന്ത്രി ജൻജാതി ആദിവാസി ന്യായ മഹാ അഭിയാൻ (പി.എം.എ.വൈ.-ജൻമൻ)-60% CSS-സംസ്ഥാന വിഹിതം

കേന്ദ്ര വിഹിതം : 3 കോടി രൂപ (പദ്ധതി)

സംസ്ഥാന വിഹിതം : 2 കോടി രൂപ (പദ്ധതി)

35. PM-JANMAN പദ്ധതി പ്രകാരം 1299 വീടുകൾ പൂർത്തിയാക്കുന്നതിന് കേന്ദ്ര വിഹിതമായി 10.478 കോടി രൂപയും സംസ്ഥാന വിഹിതമായി 6.9853 കോടി രൂപയും

ചേർത്ത് ആകെ 17.4633 കോടി രൂപ മേൽ ശീർഷകത്തിൽ ഉപധനാഭ്യർത്ഥന/ധനപുനഃവിനിയോഗം വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2501-06-789-98—പ്രധാനമന്ത്രി ആവാസ് യോജന (പി.എം.എ.വൈ. ഗ്രാമീണ) (60% സി.എസ്.എസ്.)

(01)—പ്രധാനമന്ത്രി ആവാസ് യോജന (പി.എം.എ. വൈ. ഗ്രാമീണ) (60% സി.എസ്. എസ്.)- കേന്ദ്ര വിഹിതം

(02)—പ്രധാനമന്ത്രി ആവാസ് യോജന (പി.എം.എ. വൈ. ഗ്രാമീണ) (60% സി.എസ്. എസ്.)- സംസ്ഥാന വിഹിതം

കേന്ദ്ര വിഹിതം : 10.80 കോടി രൂപ (പദ്ധതി)

സംസ്ഥാന വിഹിതം : 7.20 കോടി രൂപ (പദ്ധതി)

36. PMAY-G പദ്ധതി പ്രകാരം 2025-26 സാമ്പത്തിക വർഷത്തിൽ അർഹരായ ഗുണഭോക്താക്കൾക്ക് ധനസഹായം അനുവദിക്കുന്നതിന് കേന്ദ്ര വിഹിതമായി 92.07 കോടി രൂപയും സംസ്ഥാന വിഹിതമായി 61.38 കോടി രൂപയും ചേർത്ത് ആകെ 153.45 കോടി രൂപ മേൽ ശീർഷകത്തിൽ ഉപധനാഭ്യർത്ഥന/ധനപുനഃവിനിയോഗം വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2501-06-796-98—പ്രധാനമന്ത്രി ആവാസ് യോജന (പി.എം.എ.വൈ. ഗ്രാമീണ) (60% സി.എസ്.എസ്)

(01)—പ്രധാനമന്ത്രി ആവാസ് യോജന (പി.എം.എ.വൈ. ഗ്രാമീണ) (60% സി.എസ്. എസ്)- കേന്ദ്ര വിഹിതം

(02)—പ്രധാനമന്ത്രി ആവാസ് യോജന (പി.എം.എ.വൈ. ഗ്രാമീണ) (60% സി.എസ്. എസ്)- സംസ്ഥാന വിഹിതം

കേന്ദ്ര വിഹിതം : 3 കോടി രൂപ (പദ്ധതി)

സംസ്ഥാന വിഹിതം : 2 കോടി രൂപ (പദ്ധതി)

37. PMAY-G പദ്ധതി പ്രകാരം 2025-26 സാമ്പത്തിക വർഷത്തിൽ അർഹരായ ഗുണഭോക്താക്കൾക്ക് ധനസഹായം അനുവദിക്കുന്നതിന് കേന്ദ്ര വിഹിതമായി 22.73 കോടി രൂപയും സംസ്ഥാന വിഹിതമായി 15.15 കോടി രൂപയും ചേർത്ത് ആകെ 37.88 കോടി രൂപ മേൽ ശീർഷകത്തിൽ ഉപധനാഭ്യർത്ഥന/ധനപുനഃവിനിയോഗം വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2505-02-101-99—മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിൽ ഉറപ്പ് പദ്ധതി (100% സി.എസ്. എസ്.)

(02)—ഭരണപരമായ ചെലവുകൾ - അധിക സംസ്ഥാന സഹായം

വിഹിതം: 75 ലക്ഷം രൂപ (പദ്ധതി)

38. മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി നിർവ്വഹണവുമായി ബന്ധപ്പെട്ട ഉദ്യോഗസ്ഥരുടെ ശമ്പളവും മറ്റ് ആനുകൂല്യങ്ങളും വിതരണം ചെയ്യുന്നതിനായി സംസ്ഥാന ബഡ്ജറ്റിൽ വകയിരുത്തിയ തുക അപര്യാപ്തമായതിനാൽ മേൽ ശീർഷകത്തിൽ 2.2735 കോടി രൂപ ഉപധനാഭ്യർത്ഥന/ധനപുനഃവിനിയോഗം വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2505-02-101-99—മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിൽ ഉറപ്പ് പദ്ധതി (100% സി.എസ്. എസ്.)

(04)—ഫെസ്റ്റിവൽ അലവൻസ് വിതരണം ചെയ്യുന്നതിനുള്ള അധിക സംസ്ഥാന സഹായം

വിഹിതം: ഇല്ല (പദ്ധതി)

39. മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽ 100 തൊഴിൽ ദിനങ്ങൾ പൂർത്തിയാക്കുന്ന കുടുംബങ്ങൾക്ക് ഓണത്തോടനുബന്ധിച്ച് അനുവദിക്കുന്ന ഫെസ്റ്റിവൽ അലവൻസിന് സംസ്ഥാന ബഡ്ജറ്റിൽ തുക വകയിരുത്തിയിട്ടില്ല. ആയതിനാൽ മേൽ ശീർഷകത്തിൽ 60 കോടി രൂപ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2505-02-101-88—കേരള എംപ്ലോയ്മെന്റ് ഗ്യാരണ്ടി വർക്കേഴ്സ് വെൽഫെയർ ഫണ്ട്

10—സംഭാവന

വിഹിതം: 1,000 രൂപ (പദ്ധതിയേതരം)

40. മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുടേയും അയ്യങ്കാളി തൊഴിലുറപ്പ് പദ്ധതിയുടേയും പരിധിയിൽ വരുന്ന തൊഴിലാളികൾക്ക് പെൻഷനും മറ്റ് ആനുകൂല്യങ്ങളും നൽകുന്നതിനും മറ്റ് ആകസ്മിക ചെലവ് ഇനത്തിലുമായി 37.5723 കോടി രൂപ നൽകേണ്ടി വരുന്നുണ്ട്. ആയതിനാൽ മേൽ ശീർഷകത്തിൽ 37.5722 കോടി രൂപ ഉപധനാഭ്യർത്ഥന/ധനപുനഃവിനിയോഗം വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2515-00-001-49—എൻ.ഇ.എസ്. പാറ്റേണിൽ ഉദ്യോഗസ്ഥരെ നിലനിർത്തുന്നതിനുള്ള ആവർത്തന ചെലവ്

02—വേതനം

01—ശമ്പളം

വിഹിതം: ഇല്ല (പദ്ധതിയേതരം)

41. എൽ.എസ്.ജി.ഡി. - എൻ.ഇ.എസ്. പാറ്റേണിൽ ഉദ്യോഗസ്ഥന്മാരെ നിലനിർത്തുന്നതിനുള്ള ആവർത്തന ചെലവിനായി ബഡ്ജറ്റിൽ തുക വകയിരുത്താത്തതിനാൽ മേൽ ശീർഷകത്തിൽ 3 കോടി രൂപ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2515-00-001-49—എൻ.ഇ.എസ്. പാറ്റേണിൽ ഉദ്യോഗസ്ഥരെ നിലനിർത്തുന്നതിനുള്ള ആവർത്തന ചെലവ്

02—വേതനം

04—കൺസോളിഡേറ്റഡ് പേ

വിഹിതം: ഇല്ല (പദ്ധതിയേതരം)

42. എൽ.എസ്.ജി.ഡി. - എൻ.ഇ.എസ്. പാറ്റേണിലെ 8 ജീവനക്കാർക്ക് 8,000 രൂപ പ്രതിമാസം നൽകേണ്ട ആവശ്യത്തിനായി ബഡ്ജറ്റിൽ തുക വകയിരുത്താത്തതിനാൽ മേൽ ശീർഷകത്തിൽ 9 ലക്ഷം രൂപ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2515-00-001-49—എൻ.ഇ.എസ്. പാറ്റേണിൽ ഉദ്യോഗസ്ഥൻമാരെ നിലനിർത്തുന്നതിനുള്ള ആവർത്തന ചെലവ്

05—ഓഫീസ് ചെലവുകൾ

04—മറ്റിനങ്ങൾ

വിഹിതം: ഇല്ല (പദ്ധതിയേതരം)

43. എൻ.ഇ.എസ്. പാറ്റേണിനാവശ്യമായ ഓഫീസ് ചെലവുകൾക്കും മറ്റിനങ്ങൾക്കുമായി ബഡ്ജറ്റിൽ തുക വകയിരുത്താത്തതിനാൽ മേൽ ശീർഷകത്തിൽ 6 ലക്ഷം രൂപ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2515-00-001-41—പ്രിൻസിപ്പൽ ഡയറക്ടേറ്റ്-LSGD-എസ്റ്റാബ്ലിഷ്മെന്റ്(റൂറൽ)

05—ഓഫീസ് ചെലവുകൾ

01—വെള്ളക്കരം

വിഹിതം: 1.58 ലക്ഷം രൂപ (പദ്ധതിയേതരം)

44. പ്രിൻസിപ്പൽ ഡയറക്ടേറ്റിലെ ഓഫീസ് ആവശ്യത്തിലേക്കുള്ള വെള്ളക്കരം ഒടുക്കുന്നതിനായി ബഡ്ജറ്റിൽ വകയിരുത്തിയ തുക അപര്യാപ്തമായതിനാൽ മേൽ ശീർഷകത്തിൽ 2.02 ലക്ഷം രൂപ ഉപധനാഭ്യർത്ഥന/ധനപുനഃവിനിയോഗം വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2515-00-001-41—പ്രിൻസിപ്പൽ ഡയറക്ടറേറ്റ്-LSGD-എസ്റ്റാബ്ലിഷ്മെന്റ് (റൂറൽ)

05—ഓഫീസ് ചെലവുകൾ

02—വൈദ്യുതി ചെലവ്

വിഹിതം: 14.95 ലക്ഷം രൂപ (പദ്ധതിയേതരം)

45. പ്രിൻസിപ്പൽ ഡയറക്ടറേറ്റിലെയും ജില്ലാ ഓഫീസുകളിലെയും വൈദ്യുതി ചാർജ്ജ് ഒടുക്കുന്നതിനായി ബഡ്ജറ്റിൽ വകയിരുത്തിയ തുക അപര്യാപ്തമായതിനാൽ മേൽ ശീർഷകത്തിൽ 10.85 ലക്ഷം രൂപ ഉപധനാഭ്യർത്ഥന/ധനപുനഃവിനിയോഗം വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2515-00-102-33—നവകേരള കർമ്മ പദ്ധതി-2 (ഹരിത കേരളം മിഷൻ)

വിഹിതം : 9.2 കോടി രൂപ (പദ്ധതി)

46. നവകേരള കർമ്മപദ്ധതി-2-ന്റെ ഐ.ഇ.സി. പ്രവർത്തനങ്ങൾ, റിസോഴ്സ് പേഴ്സൺമാരുടെ ഹോണറേറിയം, ഹരിത കേരളം മിഷന്റെ ജലസംരക്ഷണം, പരിസ്ഥിതി പുനഃസ്ഥാപനം, മാലിന്യ സംസ്കരണം എന്നീ മേഖലകളിൽ നടത്തിവരുന്ന തനത് പ്രവർത്തനങ്ങൾക്ക് ബഡ്ജറ്റിൽ വകയിരുത്തിയ തുക അപര്യാപ്തമാണ്. ആയതിനാൽ മേൽ ശീർഷകത്തിൽ 4.8 കോടി രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2515-00-102-30—ലൈഫ് പാർപ്പിട മിഷൻ സ്കീം നടപ്പിലാക്കുവാൻ ഹഡ്കോ ലഭ്യമാക്കിയ ലോണിന് KURDFC നൽകേണ്ട പലിശയുള്ള ധനസഹായം (റൂറൽ)

വിഹിതം: 256.26 കോടി രൂപ (പദ്ധതി)

47. ഗ്രാമീണ തൊഴിൽ മേഖലയിലെ ലൈഫ് ഭവന പദ്ധതി ഗുണഭോക്താക്കൾക്കായി ഹഡ്കോ കെ.യു.ആർ.ഡി.എഫ്.സി. മുഖേന അനുവദിച്ചിട്ടുള്ള വായ്പയിന്മേലുള്ള പലിശ തിരിച്ചടവിനായി ബഡ്ജറ്റിൽ വകയിരുത്തിയ തുക അപര്യാപ്തമായതിനാൽ മേൽ ശീർഷകത്തിൽ 14.01 കോടി രൂപ ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2515-00-102-29—കുടുംബശ്രീ - നിലവിലുള്ള പരിപാടികൾ

വിഹിതം: 230 കോടി രൂപ (പദ്ധതി)

48. കുടുംബശ്രീയുടെ ഇന്ററെസ്റ്റ് സബ്ഡിഡി വായ്പാ പദ്ധതി, അഗ്രി സ്റ്റാർട്ട് അപ്പ് എന്നിവയ്ക്കായി ബഡ്ജറ്റിൽ വകയിരുത്തിയ തുക അപര്യാപ്തമായതിനാൽ മേൽ ശീർഷകത്തിൽ 46.4 കോടി രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2515-00-102-23- LSGD—അപ്ലൈഡ് ന്യൂട്രീഷനും മറ്റ് പ്രോഗ്രാമുകളും

34—മറ്റ് ചെലവുകൾ

3—മറ്റിനം

വിഹിതം: ഇല്ല (പദ്ധതിയേതരം)

49. ബാല്യശ്രേരി ഫുഡ് പ്രോസസ്സിംഗ് ആൻഡ് ന്യൂട്രീഷൻ സെന്ററിന്റെ ചെലവുകൾക്കായി ബഡ്ജറ്റിൽ തുക വകയിരുത്താത്തതിനാൽ മേൽ ശീർഷകത്തിൽ 15,000 രൂപ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2515-00-102-21—കേരള സംസ്ഥാന സാക്ഷരതാ മിഷൻ അതോറിറ്റി (ലീപ് കേരള മിഷൻ)

വിഹിതം : 20.2 കോടി രൂപ (പദ്ധതി)

50. സാമൂഹ്യ സാക്ഷരത, കാലാവസ്ഥാ സാക്ഷരത, സാംസ്കാരിക സാക്ഷരത, ചരിത്ര സാക്ഷരത എന്നീ പുതിയ പദ്ധതികൾ നടപ്പിലാക്കുന്നതിന് ബഡ്ജറ്റിൽ വകയിരുത്തിയ തുക അപര്യാപ്തമാണ്. ആയതിനാൽ മേൽ ശീർഷകത്തിൽ 3 കോടി രൂപ ഉപധനാഭ്യർത്ഥന/ ധനപുനഃവിനിയോഗം വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

4515-00-102-49—സമ്പൂർണ്ണ ഭവന പദ്ധതി-ഗ്രാമം (ലൈഫ് - പാർപ്പിട മിഷൻ)

വിഹിതം : 580 കോടി രൂപ (പദ്ധതി)

51. ഗ്രാമീണ മേഖലയിൽ ലൈഫ് പാർപ്പിട മിഷൻ പദ്ധതി പ്രകാരം നിലവിൽ നിർമ്മാണം പുരോഗമിക്കുന്നതും 2025-26 സാമ്പത്തിക വർഷത്തിൽ നിർമ്മാണം ആരംഭിക്കുവാനുള്ളതുമായ വ്യക്തിഗത ഭവനങ്ങൾക്ക് സംസ്ഥാന വിഹിതം നൽകുന്നതിനും നിർമ്മാണം പുരോഗമിക്കുന്ന ഭവന സമുച്ചയങ്ങൾക്കായും ബഡ്ജറ്റിൽ വകയിരുത്തിയ തുക അപര്യാപ്തമാണ്. ആയതിനാൽ മേൽ ശീർഷകത്തിൽ 446.47 കോടി രൂപ ഉപധനാഭ്യർത്ഥന/ ധനപുനഃവിനിയോഗം വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

**എം. ബി. രാജേഷ്,**
*ചെയർപേഴ്സൺ,*
*സബ്ജക്ട് കമ്മിറ്റി IX.*

തിരുവനന്തപുരം,
2025, ഫെബ്രുവരി 27.

കേരള നിയമസഭാ സെക്രട്ടേറിയറ്റ്
2025

കേരള നിയമസഭാ പ്രിന്റിംഗ് പ്രസ്സ്.